# KERALA PRIVATE COLLEGE TEACHER

12

AUGUST

1979

MONTHLY JOURNAL OF THE ALL-KERALA PRIVATE COLLEGE TEACHERS' ASSOCIATION

COVER (4)

# ജേർണലിനെപ്പറ്റി

നമ്മുടെ ജേർണലിന് 'Kerala Private College Teacher' എന്ന പേരിൽ രജിസ്ട്രേഷൻ ലഭിക്കുന്നതാണ്. ഡിക്ലറേഷൻ നൽകി കഴിഞ്ഞു. ഈ ലക്കം മുതൽ പുതിയ പേരിലാണ് പ്രസിദ്ധീകരിക്കുന്നത്. ജേർണൽ കൃത്യമായി പ്രസിദ്ധീകരിക്കാനും അംഗങ്ങൾക്ക് എത്തിക്കാനും അസോസിയേഷൻ പരമാവധി ശ്രമിക്കുന്നതാണ്. രജിസ്ട്രേഷൻ ലഭിക്കുന്നതോടെ ഇക്കാര്യത്തിൽ ഇന്നുള്ള പല തടസ്സങ്ങളും മാറിക്കിട്ടും. ആരംഭത്തിൽ പല ബുദ്ധിമുട്ടുകളും ജേർണലിന്റെ പ്രസിദ്ധീകരണത്തിൽ ഉണ്ടായി. എങ്കിലും അതിനെയൊക്കെ അതിജീവിച്ച് പന്ത്രണ്ടു ലക്കം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞുവെന്നതിൽ അഭിമാനമുണ്ട്.

എ. കെ. പി. സി. ടി. എ സംഘടിതശക്തി വർദ്ധിപ്പിച്ചും സംയുക്ത മുന്നേറ്റങ്ങൾ നടത്തിയും പ്രൈവറ്റ് കോളേജധ്യാപകരുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടം തുടരുമ്പോൾ ഇങ്ങനെയൊരു പ്രസിദ്ധീകരണത്തിന്റെ പ്രാധാന്യം എടുത്തു പറയേണ്ടതില്ലല്ലോ. എന്നാൽ ഓരോ മാസവും ഇതു പ്രസിദ്ധീകരിക്കാനുള്ള സാമ്പത്തികമായ കഴിവു ഇനിയും നമുക്കുണ്ടാക്കി എടുക്കേണ്ടിയിരിക്കുന്നു. എ. കെ. പി. സി. ടി. എ അംഗങ്ങളെല്ലാം ജേർണലിന്റെ വരിക്കാരാവുകയാണ് അതിന് പറ്റിയ മാർഗ്ഗം. അഞ്ചുരൂപാ മാത്രമാണ് ഒരു വർഷത്തേയ്ക്കുള്ള വരിസംഖ്യ.

## വരിസംഖ്യ അയച്ചുതരിക

എ. കെ. പി. സി ടി. എ ട്രഷററുടെ പേർക്ക് (Prof; N. J. Jacob, Treasurer A K P CT A, C M. S. College, Kottayam) അഞ്ചുരൂപാ എത്രയും പെട്ടെന്നു തന്നെ അയയ്ക്കുക. അതതു കോളേജിലെ യൂണിറ്റ് സെക്രട്ടറിമാരെ ഏൽപിച്ചാലും മതിയാകും. കഴിഞ്ഞവർഷം വരിസംഖ്യ നൽകിയിരുന്നവർ അതിന്റെ കാലാവധി തീർന്നിരിക്കുന്നതുകൊണ്ട് ഈ വർഷത്തേയ്ക്കുള്ള തുക അയക്കേണ്ടതാണ്.

ജനറൽ സെക്രട്ടറി,
എ. കെ. പി. സി. ടി. എ.


KERALA
PRIVATE COLLEGE
TEACHER


*in this issue*

○ Prof. V. R. S. ○ Memorandum to the Chief Minister ○ Government Orders ○ University Decisions ○ A K P C T A News & Notes.


monthly journal of
A. K. P. C. T. A.



editorial board

r. r. c. nair
v narayanankutty
m. r. chandrasekharan
k. c. chacko
n. j. jacob
v. n. murali
(chief editor)



# പ്രൊഫസർ. വി. ആർ. എസ്. അന്തരിച്ചു.

പ്രൊ: വി. ആർ. സുബ്രഹ്മണ്യൻ — പ്രൈവററ് കോളേജധ്യാപകന് ഒരിക്കലും മറക്കാനാകാത്തൊരു പേരാണത്. അധ്യാപകതാല്പര്യത്തിനുവേണ്ടി സമർപ്പിക്കപ്പെട്ടതായിരുന്നു അദ്ദേഹത്തിൻെറ ജീവിതം. ഇന്ത്യൻ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയ വി. ആർ. എസ്. അതേവീറോടെ താനുംപ്പെടുന്ന പ്രൈവററ് കോളേജധ്യാപക വർഗ്ഗത്തിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടിയും പോരാടി. മാനേജുമെൻറിൻെറ പീഡനങ്ങടം സഹിച്ച്, അടിമകളെപ്പോലെ അസംഘടിതരായി കഴിഞ്ഞുപോന്ന പ്രൈവററ് കോളേജധ്യാപകവർഗ്ഗത്തെ തട്ടിയുണർത്താനും ഒരുമിച്ച് ഒരു കൊടിക്കീഴിൽ അണിനിരത്താനും വി. ആർ. എസ്. വഹിച്ച പങ്ക് അതുല്യമാണ്.

പ്രൈവററ് കോളേജ് അധ്യാപകമേഖലയിൽ ആദ്യമുണ്ടായിരുന്ന രണ്ടു സംഘടനകളായ കെ. പി. സി. ടി. എ. യും എം. പി. സി. ടി. എ. യും ഒരുമിച്ചു ചേർത്ത് 1958 ൽ എ. കെ. പി. സി. ടി. എ. യ്ക്ക് രൂപംനല്കുന്നതിൽ പ്രൊ: വി. ആർ. എസ്. പ്രധാന പങ്കുവഹിക്കുകയുണ്ടായി. അദ്ദേഹം തന്നെ ആയിരുന്നു എ. കെ. പി. സി. ടി. എ യുടെ ആദ്യത്തെ ജനറൽ സെക്രട്ടറി. ഏതാണ്ട് ആറുവർഷത്തോളം അസോസിയേഷനെ നയിച്ചതും വി. ആർ. എസ്. തന്നെ. തുച്ഛമായ 125 രൂപാ ശമ്പളം വാങ്ങി മാനേജരുടെ ദയാദാക്ഷിണ്യത്തിൽ ജോലിചെയ്യേണ്ട ഗതികേടിലായിരുന്നു അന്ന് അധ്യാപകർ. ശമ്പളക്കുറവുമാത്രമായിരുന്നില്ല പ്രശ്നം. അത് എന്നു കിട്ടുമെന്നുള്ളതിന് യാതൊരുറപ്പുമുണ്ടായിരുന്നില്ല. ഒപ്പിട്ടുകൊടുക്കുന്ന തുക കൈയിൽ കിട്ടുമായിരുന്നില്ല. ഇതിനൊക്കെ എതിരേ മിണ്ടിപ്പോയാലോ പിരിച്ചു വിടൽ ഭീഷണിയും. ഈ സാഹചര്യത്തിലാണ് പ്രൊ: വി. ആർ. എസ്സിനെപ്പോലുള്ളവർ എ. കെ. പി. സി. ടി. എ. കെട്ടിപ്പടുത്തതും പോരാട്ടങ്ങടം നയിച്ചതും.

ഗവണ്മെൻറ് കോളേജധ്യാപകരുമായുള്ള പാരിററിയ്ക്കുവേണ്ടി, അന്നത്തെ യു. ജി. സി. സ്കെയിലിനുവേണ്ടി, ഗ്രാൻറു ഇൻ എയിഡ് കോഡ് നടപ്പിലാക്കികിട്ടുന്നതിനു വേണ്ടി —ഇങ്ങനെ എത്രയെത്ര പ്രശ്നങ്ങളിൽ പ്രൊ: വി. ആർ. എസ്. നേതൃത്വം നല്കിയിരിക്കുന്നു. 1964–ൽ എ. കെ. പി. സി. ടി. എ. പ്രതിനിധി എന്നനിലയിൽ അദ്ദേഹം സിൻഡിക്കേററിലേയ്ക്കു തെരഞ്ഞെടുക്കപ്പെട്ടു. പ്രൈവററ് കോളേജ് അധ്യാപകൻെറ ശബ്ദം ആദ്യമായി സിൻഡിക്കേററിൽ എത്തിയത് അന്നാണ്. നാമിന്നനുഭവിക്കുന്ന പല നേട്ടങ്ങളും പ്രൊ: വി. ആർ. എസ്സിനെപ്പോലുള്ളവരുടെ ത്യാഗപൂർണ്ണമായ പ്രവർത്തനത്തിൽ നിന്നാണുണ്ടായത്.

പ്രൊ: വി. ആർ. എസിൻെറ പ്രവർത്തനശൈലിയിൽ നിന്നും പ്രചോദനമുടംക്കൊണ്ട അനേകം പ്രവർത്തകർ, തിരിയിൽ നിന്നു കൊളുത്തിയ പന്തം പോലെ, ഇന്ന് സംഘടനയിലുണ്ട്. അത്തരം പ്രവർത്തകരുള്ള സംഘടനയായി എ. കെ. പി. സി. ടി. എ. വളർത്തിയെടുക്കാൻ കഴിഞ്ഞു വെന്നതാണ് പ്രൊ: വി. ആർ. എസ്സിൻെറ മഹത്വം.

ആ വിളക്കണഞ്ഞു  
പക്ഷേ അതിൻെറ വെളിച്ചം  
എന്നും നമ്മോടൊപ്പമുണ്ടായിരിക്കും.

# ഐക്യത്തിലൂടെ മുന്നോട്ട്

ഒത്തുതീർപ്പു ചർച്ചകളിലൂടെ അഭിമാനാർഹമായ കുറെ നേട്ടങ്ങൾ കൈവരിച്ചുകൊണ്ടാണ് സംയുക്തസമരസമിതി ജൂലൈ നാലിനാരംഭിക്കാനിരുന്ന സമരം മാററിവച്ചത്. ചന്ദ്രഭാനുക്കമ്മീഷൻ റിപ്പോർട്ടിൽ യാതൊരു മാററവും വരുത്തുകയില്ലെന്നും, ഒരൊററ പൈസപോലും കൂടുതൽ അനുവദിക്കുകയില്ലെന്നും, ഡൈസ്നോൺ തുടങ്ങിയ പ്രശ്നങ്ങളെക്കുറിച്ച് ചർച്ചപോലുമില്ലെന്നും പിടിവാശി പിടിച്ച സർക്കാരിന്, ജീവനക്കാരുടെ സംഘടിതശക്തിയുടെ മുന്നിൽ നിലപാട് മാറേറണ്ടിവന്നു. ഓർഡിനൻസുകളിറക്കിയും പോലീസിനെ തയ്യാറാക്കിയും സമരം നേരിടാൻ തുനിഞ്ഞ സർക്കാരിന്റെ ജീവനക്കാരോടുള്ള നിഷേധാത്മകനയം മാററിയെടുക്കാൻ കഴിഞ്ഞുവെന്നതുതന്നെ നമ്മുടെ യോജിപ്പിന്റെ വലിയൊരു വിജയമാണ്. സർക്കാരിന്റെ സൗമനസ്യം കൊണ്ടല്ല, ജീവനക്കാരുടെ സമരൈക്യം കൊണ്ടാണ് നമുക്കു നേട്ടമുണ്ടായതെന്നു വ്യക്തം.

സംയുക്ത സമരസമിതി ഉന്നയിച്ച ഡിമാൻറുകളിൽ മൗലിക പ്രാധാന്യമുള്ള പലതും പരിഹാരം കാണാതെ അവശേഷിക്കുന്നുണ്ട്. എങ്കിലും നാം നേടിയതിനെ കുറച്ചു കാണുന്നതു ശരിയല്ല. പ്രൊമോഷൻ സാദ്ധ്യതയില്ലാത്ത എൻ. ജി. ഒ. വിഭാഗത്തിന് 13 വർഷത്തിനു് ഒരു ഗ്രേഡ്, സ്കൂൾ അധ്യാപകരുടെ ഹയർ ഗ്രേഡിന്റേയും കോളേജധ്യാപകരുടെ നോൺ–കേഡർ പ്രൊഫസർഷിപ്പിന്റേയും കാലദൈർഘ്യത്തിൽ രണ്ടുവർഷത്തെ ഇളവ്, ക്ഷാമബത്തയുടെ കാര്യത്തിൽ കേന്ദ്രഗവൺമെൻറു നല്കുന്ന തുകയോടു തുല്യത, 25 വർഷമോ കൂടുതലോ സർവ്വീസുള്ളവർക്ക് മൂന്നു വെയിറേറജ്, ശമ്പളപരിഷ്കരണത്തിലെ ക്രമക്കേടുകൾ പരിശോധിച്ച് സത്വരമായ പരിഹാരം എന്നിവയാണ് ഇപ്പോൾ അനുവദിപ്പിക്കാൻ കഴിഞ്ഞ ആനുകൂല്യങ്ങൾ. ഡൈസ്നോൺ, യൂണിവേർസിററി ഭേദഗതി നിയമം, യു. ജി. സി. സ്കെയിൽ എന്നിവ ജീവനക്കാരുമായി ചർച്ച ചെയ്ത് പരിഹാരം കണ്ടെത്താമെന്നും ഒത്തുതീർപ്പു വ്യവസ്ഥകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യു. ജി. സി. സ്കെയിൽ കേരളത്തിൽ പററില്ലെന്നു പലയാവർത്തി പറഞ്ഞിട്ടുള്ള സർക്കാരിന് അത് ചർച്ച ചെയ്തു പരിഹാരം കണ്ടെത്താം എന്നൊരുറപ്പു നൽകേണ്ടിവന്നതു് നമ്മുടെ സമരൈക്യത്തിന്റെ ശക്തികൊണ്ടു തന്നെയാണു്.

ജൂനിയർ ലക്ചറർ സർവ്വീസ് കൂടി നോൺ – കേഡർ പ്രൊഫസർഷിപ്പിന് കണക്കാക്കുക, ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകരെ തരംതാഴ്ത്തിയ നടപടി റദ്ദാക്കുക, ജൂനിയർ ലക്ചറർ തസ്തിക തന്നെ നിർത്തലാക്കുക, നോൺ കേഡർ ഒന്നാംഗ്രേഡ് പ്രൊഫസർഷിപ്പ് അനുവദിക്കുക എന്നീ പ്രധാനപ്പെട്ട ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി സമരസമിതി പരമാവധി ശ്രമിച്ചുവെങ്കിലും ആ ശ്രമം വിജയിച്ചില്ല. തുടർന്നു നടക്കാൻ പോകുന്ന ചർച്ചകളിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നു തന്നെയാണ് സംയുക്ത സമരസമിതിയുടെ വിശ്വാസം.

യു. ജി. സി. സ്കെയിലിനുവേണ്ടി നമ്മൾ നടത്തിയ സമരത്തെ ലോകത്തു മറെറങ്ങും കേട്ടുകേൾവി പോലുമില്ലാത്ത ഒരു കരിനിയമംകൊണ്ട്— ഒരു ദിവസത്തെ പണിമുടക്കിന് രണ്ടുമാസ ശമ്പളം തടയൽ— നേരിടുകയായിരുന്നല്ലോ കേരള സർക്കാർ ചെയ്തത്. കോളേജധ്യാപകന്റെ സംഘടിത ശക്തിയും സമരശേഷിയും തച്ചുടയ്ക്കുകയായിരുന്നു സർക്കാരിന്റെ ലക്ഷ്യം. എന്നാൽ ഗവൺമെൻറിന്റെ അത്തരം കണക്കു കൂട്ടലുകളെയെല്ലാം തെററിച്ചുകൊണ്ട് കൂടുതൽ സമരവീര്യത്തോടെ നാം രംഗത്തുവന്നു. സംയുക്ത സമരത്തിന്റെ മുന്നണിപ്പടയാളികളായി മാറാനും, ശമ്പളം നഷ്ടപ്പെടുത്തികൊണ്ടുതന്നെ നീണ്ടുനില്ക്കുന്നൊരു സമരത്തിനു തയ്യാറാകാനും നമുക്കു കഴിഞ്ഞു. എ. കെ. പി. സി. ടി. എ. നേടിയെടുത്ത ഈ ഉൾക്കരുത്തും സമരസന്നദ്ധ

തയും വരുംകാലങ്ങളിലെ വിജയങ്ങളുടെ നാന്ദി കുറിയ്ക്കുന്നു.

യോജിച്ച സമരങ്ങൾക്ക് തയ്യാറാകാതെ മാറിനിന്ന ഒരു സംഘടനയുണ്ടല്ലോ— പി. സി. ടി. എ. ആ സംഘടനയുടെ സങ്കുചിത ചിന്താഗതികളും പിളർപ്പൻ നയങ്ങളും അവരെ വല്ലാത്തൊരു ഗതികേടിൽ കൊണ്ടു ചെന്നെത്തിച്ചിട്ടുണ്ട്. സംയുക്തസമരസമിതിയെ കൊടിലുകൊണ്ടുപോലും സ്പർശിക്കില്ലെന്നു പറഞ്ഞു മാറിനിന്ന പി. സി. ടി. എ. നേതൃത്വത്തിന് സമരത്തിന്റെ അലകൾ കേരളമാകെ ഇളകിമറിഞ്ഞപ്പോൾ, ഒററയ്ക്കാണെങ്കിലും, സമരം പ്രഖ്യാപിയ്ക്കേണ്ടി വന്നു. യൂണിററുകളാകട്ടെ നേതൃത്വത്തിന്റെ തീരുമാനത്തിനെതിരേ പ്രമേയം പാസ്സാക്കാനും തുടങ്ങി! നേതൃത്വം ആകെ കുഴപ്പത്തിലായി! ഇങ്ങനെ എത്ര പരിഹാസ്യമായൊരു നിലപാടാണ് ഈ സമരത്തിൽ ആ സംഘടനയ്ക്കുണ്ടായിരുന്നത്! ഒടുവിൽ ഞങ്ങളും സമത്തിലുണ്ടായിരുന്നുവെന്നു വരുത്തിത്തീർക്കാൻ പി. സി. ടി. എ. നടത്തിയ ശ്രമംപോലും സഹതാപാർഹമാംവിധം പരാജയപ്പെട്ടു. സംയുക്തസമരസമിതിയുമായി ഗവൺമെൻറുണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥകൾ വായിച്ചുകേൾപ്പിക്കാനെങ്കിലും 'സർക്കാർ വിലാസം' സംഘടനകളെ വിളിക്കയുണ്ടായി. അതുപോലും പി. സി. ടി. എ യുടെ കാര്യത്തിലുണ്ടായില്ല!

നേരത്തെ സൂചിപ്പിച്ചതുപോലെ നമ്മുടെ ഒരുനേട്ടവും ഗവൺമെൻറിന്റെ ഔദാര്യത്തിൽനിന്നുണ്ടാകുന്നതല്ല. കേവലം 125 രൂപാ മാത്രം ശമ്പളം വാങ്ങിയിരുന്ന പ്രൈവററ് കോളേജധ്യാപകന് ഇന്നത്തെ നിലയിലേയ്ക്ക് വളരാൻ കഴിഞ്ഞത് സംഘടനയുണ്ടായതുകൊണ്ടും നിരന്തരമായ സമരങ്ങൾ നടത്തിയതുകൊണ്ടുമാണ്. ആയിരക്കണക്കിന് അധ്യാപകരുടെ ത്യാഗപൂർണ്ണമായ പ്രവർത്തനം ആ സമരങ്ങളുടെ പിന്നിലുണ്ടായിട്ടുണ്ട്. ഇന്നും പുതിയ നേട്ടങ്ങൾക്കുള്ള പാതയൊരുക്കുകയാണവർ. സ്വാർത്ഥലാഭത്തിനു സംഘടനയെപ്പിളർന്നവരും, പിളർപ്പൻമാരുടെ കെണിയിൽ അറിയാതെ വീണുപോയവരും അവരുടെ തെററുകൾ തിരുത്തി എ. കെ. പി. സി. ടി. എ. യിൽ ഒന്നിക്കേണ്ടിയിരിക്കുന്നു. നമ്മുടെ സംഘടിതശക്തി ആവുന്നത്ര വളർത്തുന്നതിലൂടെ മാത്രമേ നേട്ടങ്ങൾ കൈവരിക്കാൻ കഴിയൂ എന്ന് ഇപ്പോഴത്തെ അനുഭവപാഠം നമ്മെ പഠിപ്പിക്കുന്നുണ്ടല്ലോ.

(18–ാം പേജിന്റെ തുടർച്ച)

ന്ന് ജയജയ പാടിയ്ക്കുന്ന കിടങ്ങൂരിന് ഇതൊക്കെയല്ലാതെ മറെറാന്നും പറയാൻ കാണില്ലെന്ന് ഞങ്ങൾക്കറിയാം. ഏതായാലും പുലഭ്യം പറച്ചിലും ചെളിവാരി എറിയലും ഞങ്ങളുടെ ജോലിയല്ല. അതിനുള്ള 'മാന്യത' അദ്ദേഹത്തിനു തന്നെയിരിക്കട്ടെ.

മാനേജരൻമാരുടെ ഹീനതന്ത്രങ്ങൾ പലതും കണ്ടവരാണ് അധ്യാപകർ. ന്യായമായ അവകാശങ്ങൾ ഉന്നയിക്കുമ്പോഴൊക്കെ അധ്യാപകരെ ചെളി വാരിയെറിയാനും അവമാനിക്കാനും തുനിഞ്ഞിട്ടുള്ള മാനേജരൻമാരുടെ ശൃംഖലയിലെ ഒടുവിലത്തെ കണ്ണിയാണ് കിടങ്ങൂർ. പക്ഷേ അദ്ദേഹം ഒന്നു തിരിഞ്ഞു നോക്കുന്നതു നല്ലതുതന്നെ. കൊലകൊമ്പൻമാരായ ആ മാനേജരൻമാരൊക്കെ ചരിത്രത്തിന്റെ ചവററുകൂട്ടയിൽ സ്ഥാനംപിടിച്ചു. അധ്യാപകരും അവരുടെ പ്രസ്ഥാനവും തളരാതെയും പതറാതെയും മുന്നേറുന്നു,

## ആഗസ്ററ് 21 ന് ധർണ

സ്ഥലം മാററങ്ങൾക്ക് മാനദണ്ഡം ഉണ്ടാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് എൻ. എസ്. എസ്. കോളേജധ്യാപകർ ആഗസ്ററ് 21 ന് ഓരോ കോളേജിലും പ്രിൻസിപ്പലിന്റെ ഓഫീസിനു മുമ്പിൽ ധർണനടത്തുന്നതാണ്. അന്നുതന്നെ മററു കോളേജുകളിൽ ഇതേ ആവശ്യം മുൻനിർത്തി പ്രതിഷേധദിനം ആചരിക്കും.

# Minutes of the discussions held by Chief Minister with the representatives of associations of N.G.Os. and Teachers on 29-6-1979, 30-6-1979 and 1-7-1979

The Chief Minister, Minister (Finance), Minister (Revenue), Minister (Home) and Minister (Education) had detailed discussion on 29th and 30th June and 1st July 1979 with the representatives of association of N. G. Os and Teachers on the demands raised by them, in the context of the threatened strike by the employees. The list of participants are annexed. After detailed deliberations the Chief Minister announced on 1st July, 1979 the following concessions procedure for dealing with some of the outstanding issues:—

1. All the N. G. Os who remain in the entry grade without a promotion in the usual course will be allowed the benefit of a higher grade on completion of 13 years of service.

2. According to the pay revision orders, employees were allowed benefit of weightage (advance increment) at the rate of one increment for those who are completed 10 years of service and two increments to those who have completed 20 years of service and above, subject to a maximum of Rs. 50/–. A third increment will be given to those who have put in 25 years of service subject to the existing ceiling of Rs. 50/–

3. Shortfall in the quantum of Dearness Allowance allowable to the State Government employees when compared to the Dearness Allowance drawn by Central Government employees will be made good.

4. The existing period of 15 years and 12 years fixed for promotion to Grade I for Primary School Teachers and High School Teachers respectively will be reduced by 2 years. Accordingly a Primary School Teacher will get grade I on completion of 13 years of service and High School Teacher on completion of 10 years of service. The existing limit of 10 years service in Grade I for eligibility for Senier Grade for Teachers will remain as such. In the case of College Teachers also the period of 15 years now obtaining for promotion to non-cadre Grade II Professor will be reduced to 13 years.

5. Action to rectify anomalies, if any, in the pay revision orders will be expedited.

6. On some other outstanding issues such as implementation of the Rules Revision Committee Report, Grant of U. G. C. Scale of College Teachers, retention of some of the existing facilities discontinued in the pay revision orders etc., discussions with the representatives of the employees will be held early.

7. Discussions on some of the outstanding problems of Teachers will be initiated within a month.

8. With reference to the demand to delete Ruie 14–A in K. S. R. and similar provisions in K. E. R. and University Act, the possibility of evolving a code of conduct for the employees in general will be explored and for this purpose discussions with the representatives of the employees will be initiated.

In the light of the above decisions of the Government, the Chief Minister requested the employees to withdraw the threatened strike from 2nd/4th July. The Action Council of Teachers Confederation announced the withdrawal of the threatend strike from 2nd July, immediately after the conference. The Adhyapaka – Service Sanghatana Samara Samathi said that they have to discuss the issue in the committee and that the decisions will be intimated to Government after the committee meeting.

## ANNEXURE

List of persons representing the Adhyapaka - Service Sanghatana Samithi and Action Council of Teachers Confederation who attended the conference convened by the Chief Minister on 29-6-1979, 30-6-1979 and 1-7-79 in his office in the Secretariat.

1. Shri E J. Francis, Joint Council.
2. „ S. Parameswaran Nair, Joint Council.
3. „ E. Padmanabhan, N. G. O. Union.
4. „ P. R. Rajan do.
5. „ K. V. Devadas, D G. T. A.
6. „ P. Sivadasa Menon, K P T U.
7. „ P. P. Damodaran, K. G. P. T. Union.
8. „ P. K. Nambiar, K. G. P. T. A.
9. „ T. V. Appunni Nair, N. G. O. Association.
10. „ K. Karunakaran Pillai, N. G. O. Association.
11. „ M. Bava, N. G. O. Front.
12. „ M. Balakrishnan, N. G. O. Centre.
13. „ V. K. Gopinath, K. P. T. U.
14. „ V. Padmanabha Kurup, Village Staff Association.
15. „ M. V. Kasim, P. S. C Staff Employees Association.
16. „ R. Sasikumar, University staff Union.
17. „ R. Gopinathan Nair, Kerala Municipal & Corporation Staff Union.
18. „ V. Madhavan Nair, Panchayat Employees Association.
19. „ Madhava Menon, Nurses Association.
20. „ Raman Menon, Private College Ministerial Staff Federation.
21. „ V. K. N. Panikar, N. G. O. Association.
22. „ Aboobacker Kunju, N. G. O. Association.
23. „ R. Ramachandran Nair, A. K. P. C. T. A.
24. „ K. Ramachandran Nair, Government College Teachers Association,
25. „ Kurshid Ahamed, Secretariat Employees Association.
26. „ Eravankara Gopala Kurup, Headmaster, P. H. S. Kulanada
27. „ V. Chacko, Headmaster. St Aloysius L P S Athirampuzha.
28. „ T P. Peethambaran, Headmaster, S.D P.Y.B.H.S. Palluruthy.
29. „ P V. Gangadharan, General Secretary, S.S.B.U. Govt. H. S. Puthur.
30. „ K M A Latheef, General Secretary, G G. T. O. H S A. A V B H S Thazhava.
31. „ M. R. G. Kurup, General Secretary, K G P T U, Teacher, Chalai U P S. Trivandrum.

# എ. കെ. പി. സി. ടി. എ. കൂടുതൽ ശക്തമാക്കുക

പ്രൊ: ആർ. ആർ. സി.

(ജൂലൈ നാലിനാരംഭിക്കാനിരുന്ന സമരത്തിനുമുമ്പ് സർക്കാരും സംയുക്ത സമരസമിതിയുമായുണ്ടായ ഒത്തുതീർപ്പു വ്യവസ്ഥകൾ വിശദീകരിച്ചുകൊണ്ടുള്ള ലഘുലേഖയിൽനിന്ന്)

എൻ. ജി. ഒ. മാരുമായി യോജിച്ച് പ്രക്ഷോഭണം നടത്തുന്നത് അപമാനകരമാണെന്ന് കരുതി വിഭാഗീയ പ്രക്ഷോഭണവുമായി രംഗത്തു വന്ന പി. എസ്സ്. ടി എ, കെ എ പി. ടി. യൂണിയൻ തുടങ്ങിയ സ്കൂൾ അദ്ധ്യാപക സംഘടനകൾക്കും, സ്കൂൾ അധ്യാപകരും, എൻ. ജി. ഒ മാരുമായി യോജിച്ചുള്ള പ്രസ്ഥാനത്തിൽനിന്ന് വേറിട്ട്നിന്ന കോളേജധ്യാപക പ്രശ്നങ്ങൾക്ക് പരിഹാരം നേടാൻ ഇറങ്ങിത്തിരിച്ച പി. സി. ടി. എയ്ക്കും നേരിട്ട ദുരന്തം എല്ലാ പ്രൈവററു കോളേജധ്യാപകരുടേയും കണ്ണുതുറപ്പിക്കേണ്ടതാണ്. ജൂലൈ 2 മുതൽ പണിമുടക്ക് പ്രഖ്യാപിച്ചിരുന്ന മേൽപറഞ്ഞ സ്കൂൾ അധ്യാപക സംഘടനകൾ ജൂൺ 29—ന് സർക്കാരുമായി നടത്തിയ ചർച്ചകളിൽ മുന്നോട്ടുവച്ച എല്ലാ ആവശ്യങ്ങളും നിർദ്ദാക്ഷിണ്യം നിരാകരിക്കപ്പെടുകയാണ് ഉണ്ടായത്. നമ്മുടെ സമരസമിതിയുമായി രണ്ടു ദിവസം നടന്ന ചർച്ചകളുടെ ഫലമായുണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥകൾ വായിച്ചുകേൾപ്പിക്കാൻ മാത്രം, പ്രസ്തുത സംഘടനാ നേതാക്കൻമാരെ വിളിച്ചുവരുത്തിയത് കൂടുതൽ ദയനീയമായി ! ഈ 'ഭാഗ്യം' പോലും അനുഭവിക്കാൻ യോഗമില്ലാതെ പോയ ഒരു സംഘടനയാണ് പി. സി ടി. എ. അവരും സമരപ്രഖ്യാപനം നടത്തിയിരുന്നു. അതും ബാലററ് എടുത്ത് ഭൂരിപക്ഷവും സമരത്തിന് എതിരാണെന്ന് പ്രഖ്യാപിച്ചതിനുശേഷം. കോളേജധ്യാപകരുടെ യു. ജി. സി. സ്കെയിൽ തുടങ്ങിയ പ്രധാനപ്പെട്ട ഡിമാൻറുകൾ ഒന്നും അവർ മുന്നോട്ടുവച്ചിരുന്നുമില്ല. സമരം പിൻവലിച്ചതോ, സർക്കാരുമായി യാതൊരു ഒത്തുതീർപ്പുവ്യവസ്ഥകളും ഉണ്ടാക്കാതേയും. ഇതൊക്കെ എന്തിനുവേണ്ടിയായിരുന്നു എന്ന് അവർക്കുപോലും ദുരൂഹമായ കാര്യമാണ്. സംഘടിതമായ ശക്തിയുടേയും കൂട്ടായ വിലപേശലിൻെറയും മഹത്വം മനസ്സിലാക്കാൻ ശ്രമിക്കാതെ സങ്കുചിത ചിന്താഗതികളും വിഭാഗീയ പ്രവണതകളും വച്ചുപുലർത്തുന്ന ഈ സുഹൃത്തുക്കളെ സമരം ചെയ്ത് അവകാശങ്ങൾ നേടിയെടുക്കുന്ന ജീവനക്കാരുടെ ഐക്യധാരയിലേയ്ക്ക് കടന്നു വരാൻ അവരുടെ അനുഭവപാഠം ഇനിയെങ്കിലും പ്രേരിപ്പിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

സംഘടനകളുമായി ചർച്ച ഇല്ലെന്നു ശഠിച്ചുനിന്ന സർക്കാർ ഒടുവിൽ ചർച്ചയ്ക്ക് തയ്യാറായി; ഒററ പൈസപോലും കൂടുതൽ ചെലവാക്കാനോ ശമ്പളപരിഷ്കരണ ഉത്തരവിലെ വള്ളിപുള്ളി വിസർഗ്ഗം മാററാനോ സാദ്ധ്യമല്ലെന്ന് പിടിവാശി കാണിച്ച സർക്കാർ കൂടുതൽ സാമ്പത്തികബാദ്ധ്യത ഏറെറടുക്കാനും ശമ്പളപരിഷ്കരണ ഉത്തരവിൽ സാരമായ മാററങ്ങൾ വരുത്താനും നിർബന്ധിതമായി; കൂടാതെ, പുനഃപരിശോധന സാദ്ധ്യമല്ലെന്ന് ഉറച്ച നിലപാടെടുത്ത്, കഴിഞ്ഞുപോയ അദ്ധ്യായങ്ങളായി സർക്കാർ തീരുമാനിച്ചിരുന്ന യു. ജി. സി. സ്കെയിലും, യൂണിവേഴ്സിററി നിയമഭേദഗതിയും ചർച്ചകൾക്ക് വിധേയമാക്കി പരിഹാരം കണ്ടെത്താമെന്ന് സർക്കാരിന് ഉറപ്പു തരേണ്ടിയും വന്നു. ഇതെല്ലാം സാധിച്ചത് ജീവനക്കാരുടെ വിശാലമായ ഐക്യവും സംഘടിതശക്തിയും കൊണ്ടാണ്

X X X X

പ്രൈവററ് കോളേജധ്യാപകർക്ക് സുരക്ഷിതത്വവും മാന്യമായ സേവന വേതന വ്യവസ്ഥകളും നേടിയെടുത്തത് എ കെ. പി. സി. ടി. എ എന്ന മഹത്തായ സംഘടനയുടെ നേതൃത്വത്തിൽ നാം നടത്തിയ ധീരമായ സമരങ്ങളിലൂടെയാണ് ഇനിയങ്ങോട്ടുള്ള കാലഘട്ടങ്ങളിലും പ്രൈവററു കോളേജധ്യാപകൻെറ അവകാശങ്ങൾ നേടിയെടുക്കാനുള്ള സമരവേദിയും ആശാകേന്ദ്രവും എ. കെ. പി സി ടി. എ. മാത്രമാണ് സ്വാർത്ഥ താൽപര്യങ്ങളും വിഭാഗീയ ചിന്താഗതികളും വച്ചുപുലർത്തുന്ന ചില വ്യക്തികളുടെ സ്വാധീനത്തിലും ദുഷ്പ്രചരണങ്ങളിലും അറിയാതെ പെട്ടുപോയ നമ്മുടെ ചില സുഹൃത്തുക്കൾ ഇനിയെങ്കിലും യാഥാർത്ഥ്യം മനസ്സിലാക്കി എ. കെ. പി സി. ടി. എ യുടെ കൊടിക്കീഴിൽ അണിനിരന്ന് കോളേജധ്യാപക പ്രസ്ഥാനത്തെ കൂടുതൽ ശക്തമാക്കേണ്ടിയിരിക്കുന്നു. ഇന്ന് ഉണ്ടാക്കാൻ കഴിഞ്ഞ ഒത്തുതീർപ്പുകളുടെയും ഇപ്പോൾ നേടിയെടുക്കാൻ കഴിഞ്ഞ ആനുകൂല്യങ്ങളുടേയും വെളിച്ചത്തിൽ എ കെ. പി. സി. ടി. എ. യെ കൂടുതൽ ശക്തിപ്പെടുത്താനും, അദ്ധ്യാപക സർവ്വീസ് സംഘടനാ സമരസമിതിയുടെ നേതൃത്വത്തിൽ തുടർന്നു നടത്തുന്ന പ്രക്ഷോഭണങ്ങളെ വിജയിപ്പിക്കാനും എല്ലാ പ്രൈവററു കോളേജധ്യാപകരോടും അഭ്യർത്ഥിക്കുന്നു.

We have the honour to present to you the following glaring anomalies in the recent pay commission Report and the Government Order based on the Report for favourable consideration and quick redressal. The Pay Commission Report and the consequent Government Order were a great disillusionment and it has caused much frustration in the minds of the Private College Teachers in the State. We are here presenting some of our most pressing demands for your immediate attention and favourable orders.

We also request you to give us an opportunity to explain in person the points raised in our memorandum.

**I. Denial of parity to the Physical Education Teachers ;**

This is the most glaring anomaly in the Pay Revision Order. The physical education teachers in our State were enjoying parity with other college teachers for the last twelve years and more. The Pay Commission just out of ignorance of the University Regulations has not only deprived them of parity and reduced them in status but has redesignated them also. The

# Memorandum submitted by the AKPCTA to the Chief Minister, Govt. of Kerala, listing some of the outstanding anomalies in the pay revision effected from 1. 7. 78 and praying for their immediate rectification:

Pay Commission has based its recommendations regarding this on the practice of recruitment available in the Government service without going through the University regulations regarding qualification of teachers. It is true that Degree holding candidates with Diploma in Physical Education were occasionally recruited by the Public Service Commission for appointment in Government Polytechnics who are later promoted and posted as Junior Lecturers in Government Colleges.

But the Regulations of both the Kerala and Calicut Universities clearly lay down that a post-graduate Degree and Diploma in Physical Education or a post – graduate degree in physical Education is the minimum qualification required for appointment as Junior Lecturers in physical Education. But the Pay Commission overlooking this wilfully or otherwise thought that post–graduate degree is not a necessary qualification and hence they could not have parity with other teachers. This recommedation of the Pay Commission based on wrong information has snatched away the parity of the physical education lecturers which they were enjoying for more than a decade.

The attempt on the part of the Pay Commission to redesignate them as Physical Education Directors is also based on the above wrong information. Hence it is not surprising that the Pay Commission recommended the Lecturers' pay scale for grade II Professors in Physical Education (Rs 700 – 1270) and a lower scale for Lecturers in Physical Education (Rs. 535 – 950). The Pre-revision scale of grade II Professors was Rs. 700 – 1200. The revised scale with 27% of the D. A. merged is Rs. 700 – 1270 The lecturers salary in the pre-revision scale went up to Rs. 995/–. But the maximum in the revised scale for lecturers in Physical Education is Rs. 950/–. This gross anomaly needs no further illustration.

In this connection the following points are brought to your notice.

1. The Physical Education Teachers were enjoying full parity with other teachers before the Pay Revision.

2. As per the University Regulations, they have to undergo a one-year Diploma course in Physical Education after obtaining a post–graduate degree. Thus they have to spend a year more in education than other College teachers to attain the minimum qualification prescribed.

**II. The retention of the post of Junior Lecturers**

All the College Teachers' Organisations had in one voice represented to the Pay Commission against the retention of the post of Junior Lecturers. But the Pay Commission without assigning any reason worth mentioning rejected this just demand. This is one of the outstanding anomalies, we wish to point out. A teacher is initially recruited as a Junior Lecturer; and on completion of 2 years of service he is promoted as a Lecturer. The Pay Revision Order lays down a scale running for 13 years (Rs. 470 – Rs. 830) to a Junior Lecturer while Lecturers revised pay scale is Rs. 700–1270. We call this an anomaly on the strength of the following points:–

1, Junior Lecturer's post is a kind of apprenticeship for 2 years where the teacher is kept on a very low pay scale before he becomes eligible for real pay scale. This is unheard of in any Government service, State or Central.

2. As regards the qualifications prescribed, the workload allotted and the classes handled there is nothing to differentiate between a Lecturer and Junior Lecturer. Still the Junior Lecturers are kept on a very low Pay. This is quite against the principle of equal pay for for equal work.

3. The Junior Lecturer's service is not considered for anything except pension. When he is promoted on completion of 2 years' service the pay fixation based on 28–A of the K. S. R. will not be helpful to him as his basic pay will be 200 Rupees less than the Lecturers' starting pay. So on completion of 2 years' service he has to be on the starting pay of another pay scale. The two years of service put in as Jr. Lecturer are not counted for promotion as non-cadre II Grade Professor also. Virtually his 2 years of service stand written off.

Our contention is that the pay commission in spite of the well–argued

representations against the retention of this post gave an extension of life to it just to deceive the public into the belief that College teachers are given 2 promotions in their service, first as Lecturer and then as II Gr. Professor. Hence we request you to rectify this anomaly by abolishing the post of Junior Lecturer.

**III. Refusal to count the Junior Lecturer's service as qualifying service for promotion as non-cadre Professor:**

The pay Commission turned down the longstanding demand of College teachers that their service as Junior Lecturer be counted as qualifying service for promotion as non-cadre professor. This demand is based on the following points:–

1. There is no difference in the qualifications prescribed, the workload allotted and the classes handled in Junior Lecturers' service and Lecturers' service. So there is no justification in naming a part of the same service as Junior Lecturers' service and writing it off for further promotion.

2. We have shown earlier that the Junior Lecturers' service is not a period of service in the lower cadre as it may appear to be. It is mischievous to differentiate the services of Junior Lecturer and Lecturer because as pointed out earlier there exists no difference between the two.

It may be argued that the primary school service of a High School teacher is not counted for higher grade. But this comparison is not correct. The qualifications prescribed and the classes handled are different in the case of primary and High School teachers, whereas there is no such difference between the Junior Lecturer and Lecturer.

3. Before the Government interfered and restricted the period of Junior Lecturer's service first to 3 years and then to 2 years the Managements kept these teachers as Junior Lecturers as long as they chose. They appointed teachers and designated them as Junior Lecturers or Lecturers according to their likes and dislikes. The result was that while many of the teachers were kept as Junior Lecturers for seven or eight years, some favoured few were directly posted as Lecturers. There were enough instrances where a Lecturer was appointed in a department over the head of the existing Junior Lecturers with long service. If the Junior Lecturers service is written off and not counted for promotion such teachers with long periods of service as Junior Lecturer will be at a heavy loss. This will be double punishment for them, the one given by the Management by making them suffer the long period of Junior lecturership and the other by the Government by its refusal to count the period for promotion. Hense we request you to rectify this anomaly by declaring the Junior Lecturers' service as qualifying service for promotion.

**IV. Refusal to grant non-cadre I Gr. Professorship:**

1. The pay Commission had taken the stand that it is not empowered to examine and recommend rhe U. G. C.

scales of pay for College teachers. Then the Teachers organisation had suggested the introduction of I Gr. Non-cadre Professorship. This is a longstanding demand of the teaching community. But the pay commission rejected the just deamand without assigning any reason. Our contention that this is an anomaly based on the following facts :

1. The Pay Commission has claimed that its recommendations will ensure atleast, 2 promotions in the service for every one. This claim is belied by the fact that a college Lecturer normaly gets just one promotion in his whole career. We have shown earlier that the promotion of a Junior Lecturer as Lecturer cannot be named a promotion as the promoted teacher has to start at the initial pay of the Lecturer's pay scale. Moreover there are teachers who were directly appointed as Lecturers. They will be getting one single promotion in their career as non-cadre II Gr. professor on completion of 13 years of service. To ensure 2 promotions to the College teachers the introduction of I Grade non-cadre professorship is imperative.

2. At present there are I Grade cadre professors in the college service who are heads of post-graduate departments. The Management chooses the departments to start post-graduate courses of study according to their whims and fancies very often to favour a teacher for promotion as I Gr. Professor. Grade II Professors with long experience will be stagnating while the favoured teacher on completion of 10 years service is promoted as Grade I Professor. This create a lot of illwill and bad blood in the colleges. This can be done away with if the Government concedes the demand for the introduction of I Grade non-cadre Professorship. Then all teachers will be ensured of 2 promotions in their career which was the pious wish of the Pay commission. Both the Kerala and Calicut Universities have repeatedly recommended the introduction of non-cadre first grade professorships for college teachers.

**V. Pay revision causing immediate stagnation for senior teachers:**

It is rather strange that a Pay revision which is expected to improve the income of the employees should cause immediate stagnation of pay to the senior college teachers. But this is exactly what has happened in the recent pay revision. The reason is not far to seek. In the recent pay revision a major part of the D. A. was merged with the pay. But it seems that this factor has not been taken into consideration when the new pay scales were determined. The difference in the maximum of a Lecturers pay scale (Pre-revision and revised) is Rs. 275/- (Rs. 1270 - 995). The D, A. merged with his basic pay is Rs. 243. When a senior teacher's pay is fixed in the revised scale merging 27% of the D. A. he reaches the maximum of the revised scale. According to the Government any other pay revision can be had only after 5 years. So such a teacher will have to stagnate at the maximum of the present scale for 4 years without any increment or pay revision.

Needless to say that stagnation in the pay leads to frustration. This can

be avoided only when the Governmenteither revises the revised scale or allows such teachers to draw the annual increment last drawn beyond the pay scale till he gets a promotion or pay revision. This scheme to avoid stagnation at the maximum of the scale has been adopted by the Govt. of Madras in its recent pay revision.

**VI. Salary of College teachers was not revised on a par with other Officers who were enjoying the same pay scales.**

A casual look at the revised pay scales is enough to convince anyone that the pay commission had an axe to grind against the college teachers. This is clear from the following comparison of pre-revision and revised pay scales of some officers and College teachers.

| Post | PRe-revlsion scale | Revised Scale. |
|---|---|---|
| II Gr. Professor | Rs. 710 - 1200 | Rs. 910 - 1550 |
| Dy. Supdt.. Govt. Press | -do- | Rs. 975 - 1625 |
| Dy. Director, Harijan Welfare. | -do- | Rs. 975 - 1625 |
| Gr. I Professor | Rs. 850 - 1450 | Rs. 1125 - 1725 |
| Supdt. of Govt. Presses | -do- | Rs. 1200 - 1800 |
| Supdt. of Police (Non I. P. S) | -do- | Rs. 1200 - 1800 |
| Commandant (Armed Reserve Police) | -do- | Rs. 1200 - 1800 |
| Chief Judicial Magistrate | -do- | Rs. 1200 - 1800 |

This is the type of gross discrimination the Commission has shown towards the teachers when compared to the Officers of the various departments who were having the same pre-revision scales.

Even in the College sector the pay commission favoured the Principal by widening the difference in pay scales of Principal and Gr. I Professor.

| | Pre-revision scale | Revised Scale. |
|---|---|---|
| Principal | Rs. 1050 - 1550 | Rs. 1300 - 1900 |
| Gr. I Professor | Rs. 850 - 1450 | Rs. 1125 - 1725 |

The commission has not given any reason to support the discrimination. This glaring anomaly can be done away with by raising the pay scales of College teachers to the level of those officers who were enjoying the same pay scales before pay revision.

**VII. Pay revision with no revision of incremental rates and consequent reducation in total incremental earning:**

The Government's tall claim that the increment rates have been generally improved' is belied by the revised pay scales offered to the College teachers. The increment rates of the various categories of College teachers are the same as in the pre-revision scale. The Commission has just changed the mini-

mum and maximum of the pay scale, thanks to the merger of the major part of the D. A. It is just enough to quote the Lecturers pre-revision and revised pay scales to illustrate this point. Pre-revision scale – Rs. 510 – 25 – 635 – 30 – 695 – 35 – 835 – 40 – 875 – 40 – 99.5 Revised scale Rs. 700 – 25 – 800 – 30 – 890 – 35 – 1030 – 40 – 1270.

The pay commission has wilfully or otherwise ignored the fact that an increase in the incremental rate is only a logical consequence of raising pay scales. Formerly when a teacher drew an increment he got a higher percentage af D. A. (40%) admissible to that amount also along with it. But after the pay revision though increment rates remain the same the net addition to the salary gets reduced as he will be getting a lower percentage (12%) of D. A. to the incremental amount. The result is that actual additional income by way of increment to the teachers gets reduced under the revised scale. Actually whatever fixation benefit he is given is snatched away in annual instalments in the form of reduction in net gain in the form of annual increments.

There cannot be a greater anomaly than this situation in which one has a recurring loss just because his salary was revised. We draw your kind attention to this and request that this may be urgently rectified.

**VIII. The Ceiling on weightage results in the dénial of it:**

Whatever be the number of weightges granted, the private college teacher gets just one as per the recent pay revision order. This is because of the fact that his weightage will have to be calculated at the incremental rates of Rs. 35/– or 40/– or Rs. 50/- and that the Government has laid down an irrevocable ceiling of Rs. 50/- for this benefit. Even on granting a third weightage Government has refused to raise the ceiling of Rs. 50/–

Weightage is the consideration given for the past long periods of service. If this is not granted in a scientific way the employees with longer period of service will suffer. This is exactly what has happened in our pay revision. As a minimum benefit of Rs. 25/– is assured for all, all that an employee gets more by way of weightage is Rs. 25/– for his longer periods of service. Now the Government has conceded a third weightage for those employees who have completed 25 years of service. No single college teacher stands to benefit by this because the ceiling of Rs. 50/– is still there.

Employees with lesse. rates of incroment are benefitted to some extend by the second and third weightage inspite of the ceiling. There is a clear anomalous situation in which the Government gives weightage to a section of the employees while the similar cases of employees with longer periods of service are ignored. This anomaly can be done away with if Government comes forward to remove the ceiling on benefit by weightage. Though a scientif;c system of giving weightage at this stage may not be feasible the Government can do some justice to the teachers with longer periods of service by doing away with the ceilihg on benefit by weightage.

Awaiting your favourable steps,

Yours faithfully,

Sd/–
Prof. R. R. C. Nair
President

Sd/–
Prof. V. Narayanankutty
General Secretary.

TRIVANDRUM,
3-8-1979
Copy to:
The Honourable Finance Minister
Government of Kerala

(സംഘടിത സമരങ്ങളിലൂടെ മാത്രമേ അവകാശങ്ങൾ നേടിയെടുക്കാൻ കഴിയൂ. അത്തരം ത്യാഗോജ്ജ്വലമായ സമരത്തിനു തയ്യാറാകുമ്പോൾ അതിനെ സ്വാർത്ഥമോഹികളായവർ പിന്നിൽ നിന്നു കുത്താൻ ശ്രമിക്കും. ജൂലൈ നാലിന് ആരംഭിക്കാനിരുന്ന സംയുക്ത സമരത്തിനെതിരേ പ്രസ്താവനകളും ഒപ്പുശേഖരണവും നടത്തിയ ചില ഗവൺമെൻറ് കോളേജ് അധ്യാപകരുടെ നടപടിയെ കുറിച്ചാണ് ശ്രീ. തായാട്ടിൻെറ ഈ ലേഖനം —എഡിററർ)

ഗവർമെണ്ട് കോളേജ് അദ്ധ്യാപക സംഘടന മററു സർവ്വീസ് സംഘടനകളുമായി സഹകരിച്ച് ജൂലൈ 4 ന് പണിമുടക്കുന്നതിന്നു ണ്. പണിമുടക്ക് നടക്കുന്ന ജൂലൈ 4 നും പതിനഞ്ച് ദിവസം മുമ്പ് അച്ചടിപ്പിച്ചതും പണിമുടക്കു ദിവസത്തിൻെറ തൊട്ടുമുൻപു മാത്രം വിതരണം ചെയ്തതും യൂണിവേഴ്സിററി കോളേജ് അദ്ധ്യാപകൻമാരുടെ പേരിൽ പ്രസിദ്ധം ചെയ്തതുമായ ഒരു നോട്ടീസിൽ പറഞ്ഞ ചില കാര്യങ്ങൾ വാസ്തവമാണെങ്കിൽ അതു അദ്ധ്യാപക സമൂഹത്തിന്നാകെ അപമാനകരമാണ്.

സമരം പ്രസംഗവേദിവിട്ടു പ്രവർത്തനരംഗത്തെത്തുമ്പോൾ ചിലർ ഒഴിഞ്ഞുമാറുന്നതും രാജിവെക്കുന്നതും പുതുമയല്ല. നേരിയ വിഷമങ്ങൾ പോലും സഹിക്കാൻ സന്നദ്ധരല്ലാത്ത അവർ ദുർബ്ബലഹൃദയരാണ്. അവരെ അദ്ധ്യാപക വിഭാഗത്തിൻെറ ശത്രുക്കളായി

# തലകുനിക്കാൻ പറയും മുമ്പെ മുട്ടുരുമ്മി ഇഴഞ്ഞു

**തായാട്ട് ശങ്കരൻ**

നോട്ടീസ് നൽകുകയും മററു സംഘടനകളോടൊപ്പം പണിമുടക്കം മാററി വെക്കുകയും ചെയ്തത് വിവേകപൂർവ്വമായ കൃത്യം തന്നെ. നാം ആവശ്യപ്പെട്ടതു മുഴുവൻ കിട്ടിയില്ല; അൽപം ചില നേട്ടങ്ങൾ ലഭിക്കുകയും ചെയ്തു. ഈ നേട്ടങ്ങൾ കൈവന്നത് നാം ഒട്ടാകെ സംഘടിതരാണെന്നതുകൊണ്ടും മററു സംഘടനകളുമായി സഹകരിച്ചതുകൊണ്ടുമാണ്. കൂടുതൽ നേട്ടങ്ങൾ നേടിയെടുക്കാൻ കഴിയാതെ പോയതാവട്ടെ നമ്മുടെ സംഘടനക്ക് ഇതിൽ കൂടുതൽ സംഘടനാ ബലം ഇല്ലെന്നതുകൊണ്ടുമാണ്. നമ്മുടെ ശക്തിയും ദൌർബ്ബല്യവും മനസ്സിലാക്കി സംഘടനാ നേതൃത്വം ഉത്തരവാദിത്വ ബോധത്തോടെ പെരുമാറിയെന്നതിൽ അതിനെ അഭിനന്ദിക്കട്ടെ.

ഈ കുറിപ്പെഴുതുന്നത് ഒരു പണിമുടക്കം ഉണ്ടായേക്കുമെന്നു കണ്ടപ്പോൾ നമ്മുടെ അദ്ധ്യാപക സുഹൃത്തുക്കളിൽ ചിലർക്കു കണ്ട പതറിച്ചയെക്കുറിച്ച് സൂചിപ്പിക്കുന്നതിനാ കരുതേണ്ടതില്ല. അവർക്ക് ധൈര്യവും ആത്മവിശ്വാസവും ഒട്ടൊരു ത്യാഗ സന്നദ്ധതയും ഉണ്ടാക്കിക്കൊടുക്കുക സംഘടനയുടെ ചുമതലയാണ്.

എന്നാൽ ആ നോട്ടീസിൽ പറഞ്ഞ മറെറാരു കാര്യമുണ്ട്. അതങ്ങനെതന്നെ ഉദ്ധരിക്കട്ടെ......കോളേജ് യൂണിററ് അംഗങ്ങളും അല്ലാത്തവരുമായ നൂറോളം പേർ ജൂലായ് 4ന് തുടങ്ങുന്ന അനിശ്ചിത സമരത്തിൽ പങ്കെടുക്കില്ലെന്ന് ബന്ധപ്പെട്ട അധികാരികളെ അറിയിച്ചു കഴിഞ്ഞു...' ഇതു വാസ്തവമാണെങ്കിൽ അവർ മാത്രമല്ല, കോളേജ് അധ്യാപകർ ഒന്നടങ്കം ലജ്ജിച്ചു തലതാഴ്ത്തേണ്ടതാണ്.

ജൂലായ് 4—ൻെറ സമരത്തിൽ പങ്കെടുക്കാത്തവർ എഴുതി അറിയിക്കണമെന്ന് ഡിപ്പാർട്ടുമെൻേറാ ഗവർമെണ്ടോ, ആവശ്യപ്പെട്ടിട്ടില്ല. സമരം വരുമ്പോൾ പങ്കെടുക്കുന്നവർ പങ്കെടുക്കും.; അല്ലാത്തവർ മാറിനിൽക്കും. പങ്കെടുക്കാതെ ജോലിക്കു പോകുന്നവരെ ബലാല്കാ

രമായി തടയാൻ ഉദ്യമം നടക്കുന്നുവെങ്കിൽ ജോലി ചെയ്യുന്നതിന്ന് സന്നദ്ധരായവർക്ക് പൊലീസ് സംരക്ഷണം നൽകുമെന്ന് ജൂലായ് 3ന് ബന്ധപ്പെട്ട മന്ത്രി പ്രസ്താവിച്ചിട്ടുണ്ട്. ഇതു രണ്ടു വിഭാഗത്തിന്റെയും നേരും നെറിയുമുള്ള നിലപാടാണ്. എന്നാൽ സമരത്തിനു നോട്ടീസ് നൽകിയയുടനെ ഗവർമെണ്ടിന്റെ പ്രതികരണത്തിനുപോലും കാക്കാതെ, ഗവർമെണ്ട് ആവശ്യപ്പെടാതെ, ഞങ്ങൾ സമരത്തിന് ഇല്ലേ എന്ന് ഒരുകൂട്ടം കോളേജ് അധ്യാപകൻമാർ ഗവർമെണ്ടിന് എഴുതി അറിയിച്ചതിന്റെ പിന്നിലുള്ള മനോഭാവമെന്താണ്? അടിയന്തിരാവസ്ഥകാലത്തെ പത്രപ്രവർത്തകൻമാരെക്കുറിച്ച് കേന്ദ്രമന്ത്രി അദ്വാനി പറഞ്ഞത്: 'ഭരണാധികാരികൾ നിങ്ങളോട് തലകുനിക്കാൻ പറഞ്ഞതേയുള്ളു. നിങ്ങളാണെങ്കിൽ മുട്ടുകുത്തി ഇഴഞ്ഞു.' ഇവിടെയാണെങ്കിലോ തല കുനിക്കാൻപോലും പറയുന്നതിനുമുമ്പു മുട്ടുകുത്തി ഇഴയാൻ ചില അധ്യാപകൻമാർ സന്നദ്ധരായി!

ഈ എഴുതി അറിയിക്കലിന്റെ അടിയിലുള്ളതെന്താണ്? ഞങ്ങൾ സമരത്തിനില്ല എന്നതു മാത്രമാണോ? എങ്കിൽ അതിൽ പങ്കെടുക്കാതിരുന്നാൽ പോരെ. നേരെമറിച്ച് ഈ സമരക്കാരെ വേണ്ടവണ്ണം കൈകാര്യം ചെയ്തുകൊള്ളു ഞങ്ങൾ അധികാരിവർഗ്ഗത്തിന്റെ പിന്നിലുണ്ട് എന്നു ഉറപ്പു കൊടുക്കലല്ലേ ഇത്. മറെറാരു വിധത്തിൽ പറഞ്ഞാൽ സ്വന്തം സഹപ്രവർത്തകൻമാരെ ഒററിക്കൊടുക്കുന്ന ഹീനകർമ്മമായിപ്പോയി ഇത്.

ഇത് ഏത് കോളേജിലെ ഏതധ്യാപകൻ ചെയ്തു എന്ന കാര്യം തൽക്കാലം മാററി നിർത്തുക. അധ്യാപക സമൂഹത്തിനു പൊതുവിൽ വന്ന അധഃപതനത്തെയാണ് ഇതു കാണിക്കുന്നത്. ഒരു ചൂരൽ കൈയിലുള്ള ആരുടെ മുമ്പിലും കുമ്പിടാനും ആ അധികാരശക്തിയുടെ ചെരിപ്പ് നക്കിത്തുടക്കാനും തയ്യാറാണെന്നും, വാലാട്ടാത്തത് അതില്ലാത്തതുകൊണ്ടു മാത്രമാണെന്നും ഒരു കോളേജ് അധ്യാപകൻ സ്വയം വിളംബരം ചെയ്യുകയും അത് അഭിമാനകരമായ കൃത്യമാണെന്നു അച്ചടിച്ചു പ്രചരിപ്പിക്കുകയും ചെയ്യുക! ഇതേക്കാൾ ലജ്ജാവഹമായ ഒരു പതനത്തിൽ നാം എത്തിച്ചേരാനില്ല. ഗണിതവും രസതന്ത്രവും അലങ്കാരശാസ്ത്രവും മാത്രമല്ല കുറച്ചു തന്റേടവും ആർജവവുംകൂടി വിദ്യാർത്ഥികൾക്ക് പകർന്നു കൊടുക്കാൻ ബാധ്യതപ്പെട്ടവരല്ലേ അധ്യാപകൻമാർ?

സർക്കാർ കോളേജ് അധ്യാപകൻമാർ ഇതുവരെ ശേഷനങ്ങാതെ മററു ജീവനക്കാരുടെ ത്യാഗത്തിന്റെ ഫലം അനുഭവിക്കുകയായിരുന്നു. ക്ളാർക്കും ശിപായിയും തൂപ്പുകാരനും ശമ്പളം നഷ്ടപ്പെടുത്തി സമരം ചെയ്യുക; അതിന്റെ ഫലമായി ഉണ്ടാവുന്ന ശമ്പളകമ്മിഷന്റെ നേട്ടങ്ങൾ ഭാര്യയും മക്കളുമായി പങ്കിട്ടനുഭവിക്കുക; ഈ പാരമ്പര്യം ഇനി നടക്കില്ല.

ഇന്ത്യയിലെ ഇതര കോളേജുകളിലെ അധ്യാപകൻമാരോടൊത്തു കേരളത്തിലെ കോളേജധ്യാപകൻമാർക്ക് യു. ജി. സി. ശമ്പളനിരക്കും മററാനുകൂല്യങ്ങളും നേടിയെടുക്കാൻ കഴിയണമെങ്കിൽ അധ്യാപകസംഘടന കൂടുതൽ ശക്തിയാർജിച്ചേ മതിയാവൂ. കൂടുതൽ ത്യാഗത്തിന് സന്നദ്ധമാവുകയും വേണം.

നാം പഠിപ്പുള്ളവരാണ്. മററുള്ളവരെ പഠിപ്പിക്കാനല്ലാതെ മററുള്ളവരിൽ നിന്ന് വല്ലതും പഠിക്കാൻ നാം ഒരുക്കമല്ല. എങ്കിലും നമ്മുടെ കോളേജിലെ ക്ളാർക്കുമാരിൽ നിന്നും ശിപായിമാരിൽ നിന്നും തൂപ്പുകാരിൽ നിന്നും ചിലതു പഠിക്കാൻ നാം നിർബ്ബന്ധിതരാണ് അവരാരും ഒരു സമരത്തിന്റെ മധ്യത്തിൽ സ്വന്തം സഹപ്രവർത്തകരെ ഇങ്ങനെ ഒററി കൊടുത്തിട്ടില്ല.

ഏതു കാര്യത്തെയും സ്വന്തം ലാഭത്തിന്നൊത്തു വ്യാഖ്യാനിക്കാൻ നമ്മെ ആരും പഠിപ്പിച്ചുതരേണ്ടതില്ല. ജനാധിപത്യം, ഏകകക്ഷിസർവാധിപത്യം, പട്ടാളച്ചിട്ട തുടങ്ങിയ ഒട്ടേറെ പദങ്ങൾ മുൻ പറഞ്ഞ നോട്ടീസിൽ കിടന്നു വിലസുന്നതു കാണാം. അവയ്ക്കെല്ലാം സ്വന്തമായ ലാഭത്തിനു ചേർന്ന മട്ടിൽ ഭാഷ്യങ്ങൾ എഴുതാനും പ്രയാസമില്ല. നാമാരും പഠിപ്പില്ലാത്തവരല്ലല്ലോ. ഇല്ലാത്തതു നേരത്തെ പറഞ്ഞ ആർജവമാണ്. അതുണ്ടെങ്കിൽ അതേ പദങ്ങൾക്ക് നേരായ വ്യാഖ്യാനങ്ങൾ കണ്ടെത്താൻ പ്രയാസമില്ല. നട്ടെല്ലുള്ള ഒരു സംഘടനയായി നാം പതുക്കെക്കണ്ട് രൂപപ്പെട്ടുവരുന്നേയുള്ളു. അതിനുവേണ്ട ത്യാഗത്തിൽ സ്വന്തം പങ്കുകൊടുക്കാൻ തയ്യാറല്ലാത്തവർ എതിരാളികളുടെ കൈക്കോടാലിയായി നിന്നു കൊടുക്കാതിരിക്കുകയെങ്കിലും വേണം.

# വാർത്തകൾ

## കേന്ദ്രവിദ്യാഭ്യാസ മന്ത്രിയ്ക്കു നിവേദനം

എ. കെ. പി. സി. ടി എ. ആവിഷ്കരിച്ചിട്ടുള്ള വെൽഫയർ ട്രസ്ററിന് കേന്ദ്ര ഗവൺമെൻറിൻെറ ധനസഹായം അഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു നിവേദനം അസോസിയേഷൻ പ്രതിനിധികഠം കേന്ദ്ര വിദ്യാഭ്യാസമന്ത്രിയ്ക്ക് നൽകിയിരിയ്ക്കുന്നു. ട്രസ്ററിൻെറ ഉദ്ദേശ ലക്ഷ്യങ്ങഠം പ്രതിനിതികഠം മന്ത്രിയ്ക്ക് വിശദീകരിച്ചു കൊടുക്കുകയുണ്ടായി. ഈ പ്രശ്നം പരിഗണിക്കാമെന്ന് മന്ത്രി നിവേദക സംഘത്തിന് ഉറപ്പു നൽകി. യു. ജി. സി. ചെയർമാനും ഇതു സംബന്ധമായി ഒരു മെമ്മോറാണ്ഡം നിവേദക സംഘം നൽകി. അദ്ദേഹവും, ഈ പുതിയ സംരംഭത്തിന് സഹായം നൽകുന്ന കാര്യ് പരിഗണിക്കുന്നതണെന്ന് അറിയിച്ചു.

പ്രൊ: എൻ. ജെ. ജേക്കബ്ബ്, പ്രൊ: ടി. ഗോപാലകൃഷ്ണൻ, ഡോ: പി. എസ്. പണിക്കർ, ശ്രീ. പി. പി. ശ്രീധരൻ എന്നിവരാണ് നിവേദക സംഘത്തിലുണ്ടായിരുന്നത്. ശ്രീ. വി. എം. സുധീരൻ. എം. പി. യും അവരോടൊപ്പമുണ്ടായിരുന്നു.

## ഡൽഹി പ്രകടനം

പാർലമെൻറിൽ അവതരിപ്പിച്ചിട്ടുള്ള 'Hospitals and Educational Institutions Bill' പിൻവലിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് അയ്ഫക്ടോ (AIFUCTO) യുടെ നേതൃത്വത്തിൽ പാർലമെൻറിനു മുമ്പിൽ നടന്ന പ്രകടനത്തിൽ എ കെ. പി. സി.ടി. എ. പങ്കെടുക്കുകയുണ്ടായി. തൊഴിലാളി വിരുദ്ധമായ വ്യവസായ ബന്ധബില്ലിൻെറ മാതൃകയിൽ സൃഷ്ടിച്ചിരിക്കുന്ന ഈ ബില്ല് അധ്യാപകരുടെ സംഘടനാ സ്വാതന്ത്ര്യത്തെപ്പോലും നിഷേധിക്കുന്ന തരത്തിലുള്ളതാണ്. ബില്ലിനോടുള്ള ശക്തമായ പ്രതിഷേധം വിളിച്ചറിയിയ്ക്കുന്ന തരത്തിലുള്ള വമ്പിച്ച പ്രകടനമാണ് വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തിയവർ ഒന്നിച്ചു ചേർന്നു നടത്തിയത്.

## സ്ഥാനമാനങ്ങൾ മോഹിച്ച് ................

കോളേജ് ടീച്ചേർസ് ഫോറം, ജൂനിയർ ലക്ചറേഴ്സ് ഫോറം, ഹിന്ദി ലക്ചറേഴ്സ് അസോസിയേഷൻ ............ ഇങ്ങനെ എത്രയെത്ര സംഘടനകളാണെന്നോ അടുത്ത കാലത്ത് കോളേജധ്യാപകരംഗത്ത് പൊട്ടിമുളയ്ക്കാൻ തുടങ്ങിയിരിക്കുന്നത്! അധ്യാപകരുടെ സംഘടിത ശക്തിയിൽ മതിപ്പോ വിശ്വാസമോ ഒരു കാലത്തും പ്രകടിപ്പിച്ചിട്ടില്ലാത്തവരും, നിർണ്ണായക നിമിഷങ്ങളിൽ സംഘടനാ പ്രവർത്തകരെ ഒററിക്കൊടുക്കാൻ മടികാണിച്ചിട്ടില്ലാത്തവരുമാണ് ഇപ്പോഠം മേൽപറഞ്ഞ തരത്തിലുള്ള കാററഗറിസംഘടനകളുമായി ഇറങ്ങിത്തിരിച്ചിരിയ്ക്കുന്നത്. എന്തിനെന്നോ? യൂണിവേർസിററി ബോഡികളിലേയ്ക്കുള്ള തെരഞ്ഞെടുപ്പു വരുന്നു. എങ്ങനെയെങ്കിലും ഒന്നു കടന്നു കൂടാനുള്ള കുറുക്കുവഴിയാണ് ഈ നേതൃമ്മന്യൻമാർക്ക് സംഘടനകഠം! വിഭാഗീയ സംഘടനകളും സമരങ്ങളും നമ്മെ എങ്ങും കൊണ്ടുചെന്നെത്തിക്കുകയില്ലെന്ന് ഇവർ ഓർക്കേണ്ടിയിരിക്കുന്നു.

# എ കെ പി സി ടി എ വെൽഫെയർ ട്രസ്റ്റ്

## ആദ്യസഹായധനം സെപ്തംബർ 19 ന് നല്കുന്നു.

കഴിഞ്ഞ ഇരുപത്തി അഞ്ചു വർഷങ്ങളായി പ്രൈവററ് കോളേജദ്ധ്യപകൻെറ അവകാശങ്ങൾക്കുവേണ്ടി പോരാടുകയായിരുന്ന എ. കെ. പി. സി. ടി. എ. ഇപ്പോഴും അതു തുടരുന്നു. ഈ പോരിട്ടങ്ങൾക്കിടയ്ക്കും ,വെൽഫയർ ട്രസ്ററിനു' രൂപം നല്കാനും അതു പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാനും നമുക്കു കഴിഞ്ഞത് വലിയൊരു നേട്ടമാണ്. പലരും സന്ദേഹത്തോടെ വീക്ഷിച്ചിരുന്ന ഈ കുടുംബഭദ്രതാ സംവിധാനം ഇന്നുവിജയത്തിലെത്തിയിരിക്കുന്നു. ഇതിൽ നിന്നുള്ള ആദ്യസഹായധനം പന്തളം എൻ. എസ്. എസ് കോളേജിലെ പൊളിററിക്സ് പ്രൊഫസറായിരിക്കെ നിര്യാതനായ പ്രൊ: സി. കെ. രാഘവൻ നായരുടെ കുടുംബത്തിന് വരുന്ന സെപ്തംബർ 19-ാം തീയതി നല്കുന്നതാണ്. തിരുവനന്തപുരത്ത് വച്ച് നടക്കുന്ന ചടങ്ങിൽ കേരളമുഖ്യമന്ത്രിയും വിദ്യാഭ്യാസ മന്ത്രിയും പങ്കെടുക്കും.

ട്രസ്ററിൽ ഇനിയും ധാരാളം അദ്ധ്യാപകർ ചേരാനുണ്ട്. അവർകൂടി അംഗങ്ങളായി ച്ചേർന്നു കുടുതൽ വിജയം ഇതിൻെറ പ്രവർത്തനത്തിനു നല്കുവാൻ അഭ്യർത്ഥിക്കുന്നു.

---

# യു. ജി. സി. സ്കെയിൽ – ആഗസ്ററ് മൂന്നാം വാരം ചർച്ച

സംയുക്ത സമരസമിതിയും ഗവൺമെൻറും തമ്മിൽ ആഗസ്ററ് മൂന്നാംവാരം ചർച്ച പുനരാരംഭിക്കുന്നതാണ്. ജൂലൈ നാലിനാരംഭിക്കാനിരുന്ന സമരം മാററിവയ്ക്കാനുണ്ടായ ഒത്തുതീർപ്പു വ്യവസ്ഥയനുസരിച്ചാണ് ഈ ചർച്ച ആരംഭിക്കുക. യു. ജി. സി. ശമ്പള നിരക്കുകൾ കോളേജദ്ധ്യാപകർക്കു നടപ്പാക്കുക. കെ. എസ്. ആർ–ലെ 14 A യും, കെ. ഇ. ആർ, യൂണിവേഴ്സിററി ആക്ട് എന്നിവയിലെ സമാനമായ ഭേദഗതികളും റദ്ദാക്കുക തുടങ്ങിയ പ്രധാനപ്പെട്ട ഡിമാൻറുകളെക്കുറിച്ചാണ് ചർച്ച.

---

# ആഗസ്ററ് 18ന് കളക്ടറേററുകൾക്കു മുമ്പിൽ കൂട്ടധർണ

* ജൂനിയർ ലക്ചറർ സർവ്വീസ് കൂടി നോൺ–കേഡർ പ്രൊഫസർഷിപ്പിന് പരിഗണിക്കുക.

* ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകരെ തരംതാഴ്ത്തിയ നടപടി പിൻവലിക്കുക

* നോൺ കേഡർ ഫസ്ററ് ഗ്രേഡ് പ്രൊഫസർഷിപ്പ് അനുവദിക്കുക

* ജൂനിയർ ലക്ചറർ തസ്തിക നിർത്തലാക്കുക

ഈ ആവശ്യങ്ങൾ നേടിയെടുക്കാനായി ഈ മാസം 18–ാംതീയതി കളക്ടറേററുകൾക്ക് മുമ്പിൽ നടക്കുന്ന ധർണയിൽ എല്ലാം അധ്യാപകരും പങ്കെടുക്കുക.

എ. കെ. പി. സി. ടി. എ സിന്ദാബാദ്
കൂട്ടധർണ സിന്ദാബാദ്
ആഗസ്ററ് 18 സിന്ദാബാദ്

# ഇറക്കുമതികൾക്കെതിരേ

എം. ഇ. എസ് കോളേജുകളിലെ അധ്യാപകരുടെ പ്രമോഷൻ സാധ്യതകൾ തടയത്തക്കവണ്ണം പുറത്തുനിന്നും ചിലരെ ഇറക്കുമതിചെയ്യാനുള്ള ഹീനമായൊരു നീക്കം അടുത്ത കാലത്തുണ്ടായി. നമ്മുടെ സംഘടനയുടെ സമയോചിതമായ ഇടപെടലിന് ആ നീക്കത്തെ തകർക്കാൻ കഴിഞ്ഞു.

എം. ഇ എസ്. മമ്പാട് കോളേജിൽ സുവോളജിയിലും, മണ്ണാർകാട് കല്ലടി കോളേജിൽ കോമേഴ്സിലും ബിരുദാനന്തരകോഴ്സ് കഴിഞ്ഞ വർഷം ആരംഭിച്ചു. സ്വാഭാവികമായും അവിടെയുള്ള അദ്ധ്യാപകർക്ക് പ്രമോഷൻ സാധ്യതകളും ഉണ്ടായി. എന്നാൽ സർക്കാരും മാനേജുമെൻറും സർവകലാശാലയും കൂടി ചില ഗൂഢമായ നീക്കങ്ങൾ ആരംഭിച്ചു. സർക്കാർ സർവീസിൽനിന്നും രണ്ടദ്ധ്യാപകരുടെ സേവനം മാനേജുമെൻറിനു വിട്ടുകൊടുക്കാൻ സർക്കാർ തയാറായി. അങ്ങനെ സർക്കാർ കോളേജധ്യാപകനായ കെ. പി. വിജയകൃഷ്ണനെ മമ്പാട് കോളേജിലേയ്ക്കും മററാരധ്യാപകനായ ടി. ജോൺമാത്യുവിനെ മണ്ണാർകാട്ടേയ്ക്കും ഡെപ്യൂട്ടേഷനിൽ അയയ്ക്കാൻ സർക്കാർ തീരുമാനമായി. സർക്കാർ സർവീസിൽ ഒരുലക്ചറായിരുന്ന ജോൺമാത്യുവിന് സെക്കൻറ് ഗ്രേഡ് പ്രൊഫസറായിട്ടാണ് ഡെപ്യൂട്ടേൻ! മാനേജുമെൻറ് ഇക്കാര്യത്തിൽ ഒരു പടികൂടി കടന്നുനിൽക്കണമല്ലോ. സെക്കൻറ് ഗ്രേഡ് പൊഫസറൻമാരായി ഡെപ്യൂട്ടേഷനിൽവന്ന ഈ രണ്ടുപേരേയും ഫസ്ററ്ഗ്രേഡ് പ്രൊഫസറൻമാരായി നിയമിച്ചു!! അങ്ങനെ സർക്കാരും മാനേജുമെൻറും കൂടി ജോൺമാത്യുവിനെ പൊയ്ക്കാലിൽ കെട്ടി ഉയർത്തി ഫസ്ററ്ഗ്രഡ് പ്രൊഫസറാക്കി. എം. ഇ. എസ്സിൽ അർഹതപ്പെട്ട സെക്കൻറ് ഗ്രേഡ് പ്രൊഫസർ ഉള്ളപ്പോഴാണ് പുറത്തുനിന്നും ഈ തിരിമറിയൊക്കെ നടത്തി ജോൺമാത്യുവിനെ ഇറക്കുമതി ചെയ്യുന്നത്. ഇനിയാണ് കാലിക്കട്ട് യൂണിവേഴ്സിററിയുടെ രംഗപ്രവേശം. സർക്കാർ സർവീസിൽ നിന്നും, സ്വകാര്യ കോളേജിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ വരുന്നവർക്ക് അപ്രൂവൽ ആവശ്യമില്ലെന്ന് സിൻഡിക്കേററ് തീരുമാനിച്ചുകളഞ്ഞു! നമ്മുടെ പ്രതിനിധി പ്രൊ: എം. ആർ. ചന്ദ്രശേഖരൻ ശക്തമായി എതിർത്തെങ്കിലും സിൻഡിക്കേററ് ഇങ്ങനെ ഒരു തീരുമാനമാണ് ആദ്യം എടുത്തത്. ഇതിലൂടെ, അദ്ധ്യാപക നിയമനത്തിൽ നിയമപരമായി യൂണിവേഴ്സിററിയ്ക്ക് ഇന്നുള്ള നാമമാത്രമായ അധികാരംപോലും അടിയറവയ്ക്കുകയാണുണ്ടായത്.

ഈ തിരിമറികളെയും പുറംവാതിൽ പ്പരിപാടികളേയും എ കെ. പി. സി. ടി. എ ശക്തിയുക്തം എതിർത്തു. 10-4-79-ന് എ. കെ. പി. സി. ടി. എ നിവേദനം നൽകി. പ്രമേയങ്ങളും നിവേദനങ്ങളും കൊണ്ട് പ്രശ്നം തീരില്ല എന്നുവന്നപ്പോൾ അസോസിയേഷൻ സിൻറിക്കേററിൻെറ മുന്നിൽ കുത്തിയിരിക്കാൻ തന്നെ തീരുമിനിച്ചു. അപ്പോഴേയ്ക്കും സിൻറിക്കേററു തന്നെ അവർ നേരത്തേ എടുത്ത തീരുമാനം മാററി. 21–4–79 ലെ സിൻറിക്കേററു യോഗത്തിൻെറ മിനിട്ട്സു തന്നെ ഉദ്ധരിക്കാം.

'Reconsidered the resolution adopted by the Syndicate on 2–3–1979 on deputation of Prof. K. P. Vijayakrisnan and Sri. T. John Mathew from Government. Services to the M. E. S. Colleges at Mampad and Mannarghat respectivelyt and modified its earlier decision as given below:

'Resolved to accord approval to the deputation of Prof. K. P. Vijava krishnan as IInd Grade Professor in. Zoology in M. E. S College, Mampad and to Sri. T. John Mathew as Lecturer in M. E. S. Kalladv College, Mannarghat'.

അവകാശങ്ങൾ സംരക്ഷിക്കുന്നതിലും അനീതികളെ ചെറുക്കുന്നതിലും എക്കാലവും മുൻപന്തിയിൽ നിന്നിട്ടുള്ള എ കെ. പി. സി. ടി. എ. സംഘടാപരമായ വ്യത്യാസങ്ങളെ മറന്നും അതിനുവേണ്ടി പ്രവർത്തിച്ചിട്ടുണ്ട്. ഈ പ്രശ്നത്തിൽത്തന്നെ, മമ്പാട് കോളേജിൽ സുവോളജിയ്ക്ക് ഫസ്ററ് ഗ്രേഡ് പ്രൊഫസർഷിപ്പു കിട്ടേണ്ടിയിരുന്ന ഡോററ, പി. സി. ടി. എ. അംഗമാണ്. പക്ഷേ ആ വേർതിരിവു പരിഗണിക്കാതെ അദ്ധ്യാപക താൽപര്യം മൊത്തത്തിൽ കണ്ടുകൊണ്ടാണ് എ. കെ പി. സി. ടി. എ. പ്രവർത്തിച്ചത്.

# സ്ഥലം മാററങ്ങൾക്ക് മാനദണ്ഡമുണ്ടാക്കുക

## ആഗസ്ററ് 21 ന് എൻ. എസ്. എസ്. കോളേജുകളിൽ ധർണ

കോർപ്പറേററ് മാനേജുമെൻറുകളിലെ അധ്യാപകരുടെ കുടുംബജീവിതം തകർക്കുന്ന തരത്തിലുള്ള സ്ഥലം മാററങ്ങൾ അടിക്കടി വർദ്ധിച്ചുവരികയാണ്. ഫുട്ബോൾ പോലെ അധ്യാപകരെ തട്ടിയുരുട്ടുന്ന ക്രൂരവിനോദം എൻ. എസ്. എസ്, എസ്. എൻ. മാനേജുമെൻറുകളിൽ സ്ഥിരം ഏർപ്പാടായിരിക്കുന്നു. സ്ഥലം മാററങ്ങൾക്ക് മാനദണ്ഡമുണ്ടാക്കണമെന്ന മുദ്രാവാക്യം വളരെക്കാലമായി എ. കെ. പി. സി. ടി. എ മുഴക്കുന്നുണ്ട്. നമ്മുടെ പലതരത്തിലുള്ള സമരങ്ങളുടെ ഫലമായി കോർപ്പറേററ് മാനേജുമെൻറും യൂണിവേഴ്സിററിയും അധ്യാപകസംഘടനകളും ഉൾപ്പെടുന്ന ഒരു കോൺഫറൻസ് അടുത്തകാലത്ത് നടക്കുകയും പൊതുവായ ചില മാനദണ്ഡങ്ങൾ ആവിഷ്കരിക്കുകയും ചെയ്തു. അതിന്റെ വെളിച്ചത്തിലായിരിക്കും സ്ഥലം മാററങ്ങൾ നടക്കുക എന്നും അധ്യാപകർ ആശിച്ചിരുന്നു. എന്നാൽ അതിനുശേഷം എൻ. എസ്. എസ്. മാനേജുമെൻറു നടത്തിയ സ്ഥലം മാററങ്ങളിൽ ആ പൊതുതത്വങ്ങളെയെല്ലാം കാററിൽപ്പറത്തിയിരിയ്ക്കുകയാണ്. അധ്യാപകർക്ക് പരമാവധി അസൗകര്യങ്ങൾ സൃഷ്ടിക്കാനായി മനപ്പൂർവ്വം നടത്തിയ സ്ഥലം മാററങ്ങളുടെ ഒരു നീണ്ട പട്ടിക തന്നെയുണ്ട്. വളരെ വർഷങ്ങളായി വിദൂരസ്ഥലങ്ങളിലേയ്ക്കു സ്ഥലം മാററപ്പെട്ട് ബുദ്ധിമുട്ടനുഭവിയ്ക്കുന്നവരുടെ പ്രശ്നം മാനേജുമെൻറ് പരിഗണിച്ചിട്ടേയില്ല. മാനേജുമെൻറിന്റേയും അവരുടെ പിണിയാളുകളുടേയും നിർബന്ധപ്പിരിവുകൾ നല്കാത്തതിനും, മാനേജുമെൻറിന്റെ 'അധ്യാപകസംഘട'യിൽ അംഗമാകാൻ വിസമ്മതിച്ചതിനും സ്ഥലം മാററി ശിക്ഷിച്ചിട്ടുണ്ട്. അധ്യാപികമാരെ കൂട്ടത്തോടെ സ്ഥലംമാററിയതും ഈ വർഷത്തെ പ്രത്യേകതയാണ്.

### സെനററിൽ

എൻ. എസ്. എസ്. മാനേജുമെൻറ് അധ്യാപകരുടെ സ്ഥലം മാററങ്ങളിൽ കാണിക്കുന്ന സ്വജന പക്ഷപാതവും അഴിമതിയും ഒരു അടിയന്തിരപ്രമേയത്തിലൂടെ എ. കെ. പി. സി. ടി. എ. പ്രതിനിധി ശ്രീ. കെ. ജി. പത്മനാഭൻ നായർ കേരളായൂണിവേഴ്സിററി സെനററിന്റെ ശ്രദ്ധയിൽപ്പെടുത്തി. പ്രൊ: ആർ. ആർ. സി. നായരും മാനേജുമെൻറ് അധ്യാപകരോടു കാണിക്കുന്ന മനുഷ്യത്വരഹിതമായ സമീപനം സെനററിൽ വിവരിച്ചു.

എൻ. എസ്. എസ്. കോളേജുകളിലെ ആയിരത്തോളം അധ്യാപകർ സ്ഥലംമാററ പ്രശ്നത്തിൽ ഇന്നനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കാര്യകാരണസഹിതം നമ്മുടെ സെനററംഗങ്ങൾ വിശദീകരിച്ചപ്പോൾ സിൻഡിക്കേററംഗം കൂടിയായ എൻ. എസ്. എസ്. ജനറൽ സെക്രട്ടറി കിടങ്ങൂർ ഗോപാലകൃഷ്ണപിള്ളയ്ക്ക് ഉത്തരം മുട്ടി. പിന്നെ അദ്ദേഹം വീളിച്ചു പറഞ്ഞതൊന്നും ഒരു സിൻഡിക്കേററംഗത്തിനെന്നല്ല ആർക്കുംതന്നെ യോജിക്കുന്നതായിരുന്നില്ല. ഇരുന്നൂറും മുന്നൂറും അധ്യാപകരെ ഓരോ തവണയും സ്ഥലം മാററുന്നതിന്, നാലുപേർ കേട്ടാൽ നിരക്കുന്നൊരു ന്യായം പറയാനില്ലാതെ പോയ കിടങ്ങൂർ തരം താണ ചില അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. അധ്യാപകരൊക്കെ കൊള്ളരുതാത്തവരായതു കൊണ്ടാണുപോലും സ്ഥലംമാററുന്നത്. കൊള്ളരുതാത്തസകല മാനയാളുകളേയും ഇടവും വലവുംകൊണ്ടു നട

(ശേഷം 3–ാം പേജിൽ)

# Government Orders
# University Decisions

## GOVERNMENT OF KERALA

Abstract:-

ALLOWANCE – DEARNESS ALLOWANCE – REVISION OF – ORDERS – ISSUED

---

FINANCE (P. R. C.) DEPARTMENT

G. O. (P) 485/79/(50)/Fin.     Dated, Trivandrum, 25th May 1979.

---

Read:– G. O. (P) 860/78/Fin. dated 16-12-1978.

ORDER

Government are pleased to order that the rates of Dearness Allowance sanctioned in the G. O. read above will be revised with effect from First April 1979 as follows:–

| Pay range in the revised scales sanctioned with effect from 1-7-1978. | Rates of D. A. per mensem |
|---|---|
| 1. Upto Rs. 500 | 18.5% of pay subject to a maximum of Rs. 78 |
| 2. Above Rs. 500 and upto Rs. 1000 | 14.5% of pay subject to a minimum of Rs. 78 |
| 3. Above Rs. 1000 and upto Rs. 1150 | Rs. 100 plus 4.5% of pay subject to a minimum of Rs.148. |
| 4. Above Rs. 1150 and upto Rs. 1250 | Rs. 127 plus 2.5% of pay subject to a maximum of Rs. 157. |
| 5. Above Rs. 1250 and upto Rs. 1280 | Amount by which pay falls short of Rs. 1407. |
| 6. Above Rs. 1280 and upto Rs. 2450 (inclusive) | Rs. 127. |

Note:– D. A. admissible shall be rounded to the nearest rupee; 50 paise and above will be reckoned as one rupee.

......Contd.

2. These orders will apply to the full time State Government employees, staff of aided schools private colleges and private polytechnics, full time employees borne on contigency and work charged establishments and the employees of local bodies subject to the condition that the expenditure on this account in respect of local bodies will be met from the funds of the respective local bodies.

By order of the Governor,
S. PADMAKUMAR,
Special Secretary (Finance)

To

The Accountant General, Kerala, Trivandrum.
All Heads of Departments and Offices.
The Registrar, High Court, Ernakulam (with C. L.)
The Registrar, University of Kerala/Cochin/Calicut (with C. L.)
The Registrar, Agricultural University, Mannuthy (with C. L.)
The Secretary, Kerala Public Service Commission, Trivandrum (with C. L.)
The Secretary, Kerala State Transport Corporation, Trivandrum (with C. L.)
The Private Secretaries to the Chief Minister and other Ministers.
The Secretary to Governor.
The Under Secretary to the Chief Secretary.
The Special Secretaries, Secretaries Additional-Secretaries, Joint Secretaries, Deputy Secretaries - and Under Secretaries to Government.
The Director of Public Relations.

---

## GOVERNMENT OF KERALA

Abstract

RULES - KERALA SERVICE RULES - MONETARY LIMIT FIXED IN CERTAIN RULES IN THE KERALA SERVICE RULES - ENHANCEMENT OF - ORDERS ISSUED.

---

FINANCE (RULES) DEPARTMENT

G.O. (P) 366/79/Fin. Dated, Trivandrum, 30th March 1979.

---

Read : - 1. G. O. (P) 136/75/Fin. dated 1-4-1975.
2. G. O. (P) 860/78/Fin. dated 16-12-1978.

### ORDER

Consequent on the revision ot pay scales ordered in Government Order read as second paper above, enhancement of monetary limits fixed in certain



......Contd.

rules in Part I of Kerala Service Rules has become necessary. Accordingly Government are pleased to order as follows:

(i) In Note (1) under Rule 13, the limit of Rs. 385 will be enhanced to Rs. 535.

(ii) In Rule 28A, the limit of Rs. 1200 will be enhanced to Rs. 1550.

(iii) In exception below Rule 93, the limit of Rs. 475 will be revised to Rs. 605.

(iv) In clause (b) of Rule 103, the limit of Rs. 340 will be revised as Rs. 490.

(v) In Rule I (i) of Section II, Appendix VII, the limit of Rs. 385 will be enhanced to Rs. 535.

The above orders will take effect from 1-7-1978. In respect of officers who elect to remain in the pre-revision scales of pay beyond 1-7-1978 the existing pay limits in the above rules would continue to apply till the date on which they come over to the revised scales.

Necessary amendments to the Kerala Service Rules will be issued separately.

By order of the Governor,
K. J. THOMAS,
Joint Secretary

To

The Accountant General, Kerala, Trivandrum.
All Heads of Departments and Officers.
All Departments and Sections of Secretariat.
The Secretary, Kerala Public Service Commission (with C. L.)
The Registrar, High Court of Kerala (with C. L.)
The Registrar, University of Kerala / Calicut and Cochin / (with C. L.)
All Officers of the Secretariat.
The Secretary to Governor.
The Private Secretary to Chief Minister.
The Private Secretaries to other Ministers.
The Stenographer to Chief Secretary.

---

# UNIVERSITY OF KERALA

Trivandrum,
28th July, 1979.

No. Ac. F. II. 1/828/79

From

THE REGISTRAR

Sub: Private Colleges – guidelines for effecting transfers of teaching and non-teaching staff under corporate managements-recommendation of the Special Committee held on 20-2-1979 - approval–regarding –

Ref: 1. This office letter of even number dated 13–3–1979.

2. Item No. 19 (10) of the minutes of the meeting of the Syndicate held on 3–7–1979.

Sir,

I write to inform you that the Syndicate at its meeting held on 3–7–1979 has approved the following guidelines, for effecting transfers of teaching and non-teaching staff in Private colleges under corporate managements.

1. Transfers of teaching and non-teaching staff shall be made only to the bare minimum requirement.

2. Managements shall instruct the members of teaching and non-teaching staff in their colleges to submit their requests if desired for transfers in the prescribed from (as in Government colleges) on or before 31st March of every year and transfers finalised before the re-opening of the colleges in the subsequent academic year preferably before 15th May of the year.

3. As far as possible requests for mutual transfers may be entertained.

4. To the extent possible couples may be given transfers to work in the same college or nearby. colleges.

5. As far as possible those who have been working in colleges of distant places for long periods may be given preference for transfers to places of their requests.

6. Transfer of Teaching and Non - teaching staff shall be made only after ascertaining the availability of clear vacancies. In the case of teaching staff, this should be done according to the staff fixation approved by the University for the concerned academic year.

......Contd.

7. Staff on transfers, except on requests, shall be paid T. A. and also given joining time as provided for in the Kerala University First Statutes 1979.

The above guidelines may be followed in order to avoid hardship to staff in the matter of disbursement of salary consequent on transfers.

Yours faithfully,

Sd/–

Registrar (Officiating)

To

1. The Secretary, N. S. S. Colleges, Central Committee, Changanacherry.
2. The Secretary, S. N. Colleges, Quilon.
3. The Secretary, Malankara Syrian Catholicate Colleges, Bethany Bills' Trivandrum.
4. The Manager, Corporate Educational Agency, Diocess of Kothamangalam.
5. The Secretary, Trivancore Devaswom Board, Trivandrum.
6. The Secretary, Kerala private College Managements Association, Nirmala college, Muvattupuzha.
7. Prof. T. Gopalakrishnan, (General Secretary, A. K. P. C. T. A.), S. N. College, Shertallai, S. N. Puram (via) S. L. Puram, Alleppey.
8. Prof. V. S. Ouseph, (Laison Officer, P. C. T. A.) Mar Ivanios college, Trivandrum.
9. Prof: M. C. Mathew, (Private College Teachers Federation, Nirmala College, Muvattupuzha)
10. Shri. C. J. Devassia, Senior Superintendent, St. Thomas college, Palai.
11. The Director of Collegiate Education, Trivandrum.
12. Shri. A. Nizamuddin, Engineer, Kaikara House, Quilon.
13. Shri. C. Z. Scaria, Professor of Economics, S. B. College, Changanacherry.
14. Shri. K. C. Chacko, Professor, C. M. S. College, Kottayam.
15. Shri. S. Ramachandran Pillai, Advocate, Muttathu Puthiyavila, Pattoli Market P. O., Alleppey Dist.
16. Shri. K. C. Joseph, General Secretary, Kerala Pradesh Youth Congress, Cochin - 682 018.

Copy to: Academic 'D' Section for information and necessary further action with regard to the case of non-teaching staff in Privete colleges.

# UNIVERSITY OF CALICUT

CALICUT UNIVERSITY P. O.,
673 635

GA-D1/3115/79

From

Dated 30th July, 1979.

The Registrar.

To

The Principal,

Sir,

Sub-: Shift in Colleges – regarding –
Ref:– This Offic letters of even No. dated 5th July, 1979 and 8th July, 1979.

In continuation of this Office letters cited, I am to inform you that marginal adjustments to the scheme already communicated can be made by the Principal without detriment to the actual period of work. The teachers will have to be given 2 days of holidays (Saturday and Sunday or Sunday and Monday) consecutively. The work load of teachers, when shift system is introduced and the additional staff required as per the rules in force may be communicated to this office at the earliest.

Yours faithfully,

Sd/–

DEPUTY REGISTRAR (G & A).
for Registrar.

Copy to :

1. All Principals of affiliated colleges where shift stetem is introduced.
2. The Deputy Registrar (G & A).
3. The Asst. Registrar (G & A).
4. The G & A 'A' Section.
5. Stock file. 6. Day file. 7. File Copy.

No El. 63357 / 78 / K Dis.

Trivandrum,
29-6-1979

from

The Director of Collegiate Education.

To

Prof T. Gopala krishnan,
General Secretary,
A. K. P. C. T. A., S. N. College,
Sherthallai.

Sir,

Sub.- Period of absence of Private College Staff treated as 'dies-non' -effect on automatic promotion- clarification - regarding-

Ref:- Your letter No. L. GS. No. 41. - Fl. - I / 78-79 dt 30-10-78.

With reference to the letter cited, I write to inform you that Government have informed that the periods treated as, 'Dies-non' under Rule 14-A, KSR part I will count for promotion. However, promotions which involve change of duties will take effect only from the date on which the employees actually assume charge of the post.

Yours faithfully,

Sd/-

For Director of Collegiate Education.

No. 30/6

# ആദരാഞ്ജലി

എ. കെ. പി. സി. ടി. എ യുടെ ഒരു സജീവപ്രവർത്തകയായിരുന്ന പ്രൊഫസർ സുഭദ്രാമ്മ (47) ജൂലൈ 3-ാം തീയതി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വച്ച് നിര്യാതയായി. കരമന എൻ. എസ്. എസ്. വിമൻസ് കോളേജിലെ ഹിസ്റ്ററി പ്രൊഫസറായിരുന്നു സുഭദ്രാമ്മ.

Vol. 2 **kerala private college teacher** No. 2

# GOVERNMENT OF KERALA

## ABSTRACT

Education – Collegiate – Improvement of promotion prospects of teaching staff in Colleges – Reduction in the number of years fixed for Lecturers for promotion as Non-cadre Grade II Professors – orders-Issued.

### HIGHER EDUCATION (F) DEPARTMENT

G. O. MS. 161/79/H. Edn. Dated: Trivandrum, 30-7-1979.

Read : 1. G. O. (P) 290/69/Fin dated 9-6-1969.
2. G. O. Ms. 1/70/Edn. dated 1-1-1979.
3. G. O Ms. 132/73/Edn. dated 4-9-1973.

### ORDER

In the G O. read as first paper above, it has been ordered, among other things, that the Lecturers in the Arts and Science Colleges and Training Colleges will get promotion as non-cadre Professor Grade II. on completion of 15 years of service, if not promoted earlier. In order to improve further the the promotion prospects of the teaching staff in Colleges, Government are now pleased to order that the period of 15 years fixed for Lecturers in Arts and Science Colleges, and Training Colleges for promotion as non-cadre Professor Grade II, will be reduced to 13 years.

2. These orders will take effect from 1-7-1979.

By Order of the Governor,
Dr. V. VENKITANARAYANAN
SPECIAL SECRETARY TO GOVERNMENT.

To

The Accountant General Kerala, Trivandrum
The Director of Collegiate Education, Trivandrum.
The Finance (PRC) Department.
The Registrar, University of Kerala, Trivandrum.
The Registrar, University of Calicut, Calicut,
The Higher Education 'D' & 'J' Department.

Forwarded / By Order.
Sd/
Section Officer.

printed and published by prof: v. narayanan kutty, general secretary, a k p c t a, at anupama printers, trivandrum, chief editor v. n. murali.